# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.154/2025** **തിരുവനന്തപുരം, തീയതി: 14.07.2025**

# <u>പത്രക്കുറിപ്പ്</u>

## <u>പരീക്ഷകൾ മാറ്റിവെച്ചു</u>

കേരളസർവകലാശാല 2025 ജൂലൈ 21ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ എംബിഎ ഡിഗ്രി, ജൂലൈ 2025 പരീക്ഷകൾ മാറ്റിവെച്ചു (2020 & 2023 സ്കീം) പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

## <u>കേരളസർവകലാശാല</u>
## <u>ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം - 2025</u>
## <u>സ്പോർട്സ് ക്വാട്ട സീറ്റുകളിലേക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.</u>
## <u>കോളേജുകളിൽ ഹാജരാകേണ്ട തീയതി - ജൂലൈ 16</u>

കേരളസർവകലാശാല ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം സ്പോർട്സ് ക്വാട്ട സീറ്റുകളിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് സ്പോർട്സ് ക്വാട്ട എന്ന ടാബ് ഉപയോഗിച്ച് റാങ്ക് ലിസ്റ്റ് പരിശോധിക്കാവുന്നതാണ്. പ്രവേശനം ആഗ്രഹിക്കുന്ന സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ ജൂലൈ 16 (16/07/2025) 12.00 മണിക്ക് മുൻപായി എല്ലാ അസൽ സർട്ടിഫിക്കറ്റുകളും സഹിതം അതാത് കോളേജുകളിൽ ഹാജരാകേണ്ടതാണ്.

എല്ലാ കോളേജുകളിലും എല്ലാ കോഴ്സുകൾക്കും ഒരേ ഷെഡ്യൂൾ തന്നെയാണ് കൗൺസിലിങ് നടത്തുന്നത്. അതിനാൽ ഒന്നിൽ കൂടുതൽ കോളേജുകളുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് കൗൺസിലിങ്ങിൽ പങ്കെടുക്കാൻ രക്ഷകർത്താവ്/ പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താം. രക്ഷകർത്താവ്/ പ്രതിനിധിയാണ് ഹാജരാകുന്നതെങ്കിൽ അപേക്ഷയുടെ പ്രിന്റൗട്ട്, വിദ്യാർത്ഥി ഒപ്പിട്ട “authorization letter” എന്നിവ ഹാജരാക്കണം.

വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് (https://admissions.keralauniversity.ac.in) സന്ദർശിക്കുകയോ 8281883052, 8281883053 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

# അഞ്ചാം സെമസ്റ്റർ സി.ബി.സി. എസ്. എസ്. ഡിഗ്രി പ്രോഗ്രാം ക്ലാസുകൾ

കേരളസർവകലാശാലയുടെ കീഴിലുള്ള സി.ബി.സി.എസ്. ബിരുദ കോഴ്സുകളുടെ അഞ്ചാം സെമസ്റ്റർ ക്ലാസുകൾ 2025 ജൂലൈ 16 മുതൽ ആരംഭിക്കുന്നതാണ്. പരീക്ഷാദിവസങ്ങളിൽ ക്ലാസുകൾ ക്രമീകരിച്ചു നൽകുന്നതിന് പ്രിൻസിപ്പൽമാരെ ചുമതലപ്പെടുത്തുന്നു.

## പരീക്ഷാഫലം

കേരളസർവകലാശാല യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടം മൂന്നാം സെമസ്റ്റർ ബി.ടെക് ഡിസംബർ 2024 (റെഗുലർ 2020 സ്കീം- 2023 അഡ്മിഷൻ & സപ്ലിമെന്ററി 2020-2022 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും ജൂലൈ 23 വരെ അപേക്ഷിക്കാം വിശദവിവരം വെബ്സൈറ്റിൽ. ( www.keralauniversity.ac.in).

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**